LIBRARY ARCHIVES Kerala Legislative Assembly

തലശ്ശേരി അമ്മയും കുഞ്ഞും ആശുപത്രി

165 (1530) ശ്രീ. എ. എൻ. ഷംസീർ: താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്ന അമ്മയും കുഞ്ഞും ആശുപത്രിയുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ?

തലശ്ശേരി അമ്മയും കുഞ്ഞും ആശുപത്രിയുടെ നവീകരണത്തിനായി കിഫ്ബിയിൽനിന്നും 53.664 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭ്യമായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സാങ്കേതികാനുമതി നൽകി ടെണ്ടർ ക്ഷണിച്ച് പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ കിറ്റ്കോ സ്വീകരിച്ചുവരുന്നു.

(ബി) അമ്മയും കുഞ്ഞും ആശുപത്രിയുടെ നിർമ്മാണപ്രവൃത്തി ആരംഭിക്കുന്നതിന് ഇനി എന്തൊക്കെ നടപടികൾ ആണുള്ളതെന്നും ആയത് അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്നും വിശദമാക്കുമോ?

മുനിസിപ്പാലിറ്റിയിൽനിന്നുള്ള കെട്ടിട നിർമ്മാണ അനുമതി ലഭിക്കേണ്ടതുണ്ട്. എന്നാൽ പ്രസ്തുത ആശുപത്രിയിലേയ്ക്കുള്ള റോഡിന് മതിയായ വീതിയില്ലാത്തതിനാൽ റോഡിന്റെ വീതി കൂട്ടുന്നതിന് സ്പെഷ്യൽ ഓഫീസർ മുഖേന മുനിസിപ്പാലിറ്റിയിൽ അപേക്ഷ നൽകിയിരുന്നു. ഇതിനേൽ മുനിസിപ്പാലിറ്റിയിൽ തുടർ നടപടികൾ നടന്നുവരുന്നു. റോഡിന്റെ വീതി കൂട്ടിയശേഷം കെട്ടിട നിർമ്മാണ അനുമതി, ആരോഗ്യ വകുപ്പിലെ ടെക്നിക്കൽ കമ്മറ്റിയുടെ സാങ്കേതികാനുമതി, GRIHA പ്രോട്ടോക്കോൾ പ്രകാരം പുതുക്കിയ പദ്ധതി രേഖയ്ക്കുള്ള കിഫ്ബിയുടെ അനുമതി എന്നിവ ലഭിച്ചശേഷം മാത്രമേ ടെണ്ടർ നടപടികളിലേയ്ക്ക് കടക്കാൻ കഴിയൂ.

മലബാർ കാൻസർ സെന്റർ

166 (1531) ശ്രീ. എ. എൻ. ഷംസീർ: താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജക മണ്ഡലത്തിൽ കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്ന മലബാർ കാൻസർ സെന്ററിന്റെ നിർമ്മാണ പ്രവൃത്തിയുടെ പൂർത്തീകരണത്തിന് ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?